## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 4225

24.10.2016-ൽ മറുപടിയ്ക്ക്

### താമരശ്ശേരി താലൂക്കിൽ മുൻസിഫ് കോടതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കാരാട്ട് റസാഖ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുൻസിഫ് കോടതിയില്ലാത്ത ഏക താലൂക്കാണ് താമരശ്ശേരി താലൂക്കെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) തിരുവമ്പാടി, കോടഞ്ചേരി ഉൾപ്പെടെയുള്ള മലയോര മേഖലയിലുള്ളവർ 75 കിലോമീറ്റർ അകലെയുള്ള കോഴിക്കോട് കോടതിയെയാണ് സിവിൽ വ്യവഹാരങ്ങൾക്കായി സമീപിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) നിലവിലുള്ള താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി നമ്പർ II –ൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി മാറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?; | (സി) നിലവിലുണ്ടായിരുന്ന 15 തസ്തികകൾ നിലനിർത്തിക്കൊണ്ട് അധിക തസ്തികകൾ സൃഷ്ടിക്കുകയില്ല എന്ന നിബന്ധനയോടു കൂടി താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II –നെ മുൻസിഫ് മജിസട്രേറ്റ് കോടതിയായി മാറ്റിയിരുന്നു. കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് 27 അധിക തസ്തികകൾ അനുവദിച്ചു നൽകണമെന്ന് പിന്നീട് |

ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെടുകയും 8 തസ്തികകൾ അനുവദിയ്ക്കുകയും ചെയ്തു. 19 തസ്തികകൾ കൂടി സൃഷ്ടിച്ചു നൽകണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം ഇപ്പോൾ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ